**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 62** **10-08-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിദ്യാഭ്യാസത്തിലൂടെ സാമൂഹിക മുന്നേറ്റം കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | വിദ്യാഭ്യാസത്തിലൂടെ സാമൂഹിക മുന്നേറ്റം കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**<u>വിദ്യാഭ്യാസ പദ്ധതികൾ:</u>** -<br><br>1. പ്രീ-മെട്രിക്ക് സ്കോളർഷിപ്പ്<br><br>2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br><br>3. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്<br><br>4. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്ട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ.<br><br>5. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി.<br><br>6.സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.<br><br>7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം.<br><br>8. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.<br><br>9. ലാപ്ടോപ്പ് വിതരണം<br><br>10. പഠന മുറി പദ്ധതി<br><br>11. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം |

| | | | |
|---|---|---|---|
| | | | 12. വിങ്ങ്സ് - വൈമാനിക പരിശീലന പരിപാടി<br><br>13. ട്രേസ് - നൈപുണ്യ വികസന പരിശീലന പരിപാടികൾ.<br><br>14. ഫ്രീഷിപ്പ് കാർഡ്<br><br>15. സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത വായനശാലകളിൽ സൗജന്യ അംഗത്വം<br><br>16. എംപവർമെന്റ് സൊസൈറ്റി<br><br>17. എല്ലാ ഐ.ടി.ഐ.കളിലും നിലവിലുള്ള ട്രേഡുകളിൽ പുതുതലമുറ കോഴ്സുകൾ കൂടി ചേർത്ത് Add on കോഴ്സുകൾ |
| (ബി) | പൊതു പരീക്ഷകളിൽ മികവാർന്ന വിജയം കരസ്ഥമാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് വകുപ്പ് നടപ്പിലാക്കി വരുന്ന പ്രോത്സാഹന സമ്മാനം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | (ബി) | പൊതു പരീക്ഷകളിൽ മികവാർന്ന വിജയം കരസ്ഥമാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് വകുപ്പ് നടപ്പിലാക്കി വരുന്ന പ്രോത്സാഹന സമ്മാനം ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>2022-23 - 11555<br><br>2023-24 അധ്യയന വർഷം നാളിതുവരെ 7124 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (സി) | 2022-23 വർഷത്തെ അപേക്ഷകളിൽ നടപടികൾ പൂർത്തീകരിക്കുകയും അർഹമായ സ്കോളർഷിപ്പ് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 2023-24 അധ്യയന വർഷം ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ